# കരിസ്മാറ്റിക് ധ്യാനവും പ്രായോഗിക ചിന്തയും

**സന്തോഷ് പോൾ**

ഇന്നു കേരളത്തിന്റെ ഒട്ടുമിക്ക സ്ഥലങ്ങളിലും കരിസ്മാറ്റിക് ധ്യാനങ്ങൾ നടക്കാറുണ്ട്. ഈ പ്രസ്ഥാനത്തിന് നാനാ തുറകളിലുള്ള ജനങ്ങളിൽ ഒരു ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. ക്രൈസ്തവർക്കു പുറമേ ഏകദേശം അത്രതന്നെ അന്യജാതി മതസ്ഥരും ഇതിലേക്ക് ആകൃഷ്ടരാകുന്നുമുണ്ട്. എന്നാൽ, ഈ കരിസ്മാറ്റിക് ധ്യാനങ്ങൾകൊണ്ട് അതിനു നേതൃത്വം കൊടുക്കുന്നവർ അർഥമാക്കുന്നതെന്താണ്? ഇതിന്റെ ലക്ഷ്യം എന്ത്? ലക്ഷ്യപ്രാപ്തിക്കുള്ള മാർഗം എത്രമാത്രം പ്രായോഗിക ചിന്തയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നുണ്ട്?.

ജീവിത ക്ലേശങ്ങളിൽപെട്ട് ഉഴലുന്നവരെ ദൈവസന്നിധിയിലേക്ക് അടുപ്പിക്കുന്നതിൽ ധ്യാനങ്ങൾക്കു വലിയ പങ്കുണ്ട് എന്നതു ശരിതന്നെ. അത് അവന്റെ മനസിനെ നിർമലമാക്കുന്നു. ചെയ്തുപോയ തെറ്റുകളെക്കുറിച്ച് വീണ്ടുവിചാരം ചെയ്യാൻ അവനെ പ്രാപ്തനാക്കുന്നു. കുറച്ചുകാലത്തേക്കെങ്കിലും അവൻ ചരിച്ചിരുന്ന തെറ്റുകളിൽനിന്നും മാറിനിൽക്കാൻ അവനു കഴിയുന്നുമുണ്ട്.

ഇതെല്ലാം വിദഗ്ധമായ മനഃശാസ്ത്ര സമീപനം മൂലവും സാധിക്കുന്നതാണ്. ഈശ്വരചിന്ത ഇതിനെയെല്ലാം എളുപ്പത്തിലാക്കുന്നു. മനഃശാസ്ത്ര ചികിത്സകളിൽ ഈശ്വരചിന്തയ്ക്ക് പ്രമുഖ സ്ഥാനമാണുള്ളത്. മനസ് മുഴുവനും ഈശ്വരനിൽ അർപ്പിച്ചാൽ തന്റെ ദുഃഖങ്ങളും ആകുലതകളും കോട്ടങ്ങളും നേട്ടങ്ങളും നിഷ്പ്രഭമാകുന്നു. ഇതു ശരിതന്നെയാണ്. ഈ മാർഗമാണ് മനുഷ്യൻ തേടേണ്ടതും.

ഈശ്വരവിശ്വാസിയായ ഏതൊരുവന്റേയും ചിന്താധാര ഇതുതന്നെയാണ്. അതു ക്രൈസ്തവരോ, ഹിന്ദുക്കളോ, മുസ്ലിമുകളോ, ഏതു മതസ്ഥരുമായിക്കൊള്ളട്ടെ, അവരുടെയെല്ലാം മനസിൽ അന്തർലീനമായി കിടക്കുന്ന അടിസ്ഥാനഘടകം സർവശക്തനിലുള്ള വിശ്വാസമാണ്. ഈ വിശ്വാസം ഉത്തേജിപ്പിച്ച് പരമകോടിയിലെത്തിക്കുകയാണ് ധ്യാനകേന്ദ്രങ്ങൾ ചെയ്യുന്നതെന്ന് നമുക്ക് ഗണിക്കാം.

ഇവിടെ പ്രസക്തമാകുന്ന ഏറ്റവും പ്രധാന സംഗതി ധ്യാനത്തിന്റെ ലക്ഷ്യത്തിലേക്കുള്ള മാർഗമാണ്. അതായത് ധ്യാന നടത്തിപ്പാണ്. സ്വർഗീയാനുഭൂതി ഉണർത്തുന്ന പ്രാർഥനകളും ഗാനങ്ങളുംകൊണ്ട് ധ്യാനസമുച്ചയം മുഖരിതമാകുന്നു. ഇതിലൂടെ ശ്രോതാക്കൾക്ക് മാനസികോല്ലാസം ലഭിക്കുമെന്നത് ശരിതന്നെ. ധ്യാനത്തിന്റെ ഒരു ലക്ഷ്യവും അതുതന്നെയാണ്. ഇതെല്ലാം ഉദാത്തമായ മാർഗങ്ങൾ തന്നെയാണ്. എന്നാൽ, ഇതിൽനിന്നെല്ലാം വ്യത്യസ്തമായി ധ്യാനങ്ങളിലെ നികൃഷ്ടങ്ങളായ ചേഷ്ടകളാണ് അതിലെ ദൈവികത നഷ്ടപ്പെടുത്തുന്നത്. പവിത്രതയ്ക്ക് കോട്ടം ചെയ്യുന്നതും ഇതാണ്.

ഭാഷാവരത്തെ കുറിച്ചുള്ള സങ്കല്പങ്ങളും പ്രകടനങ്ങളുമാണ് ഏറ്റവും അപലപനീയം. പരിശുദ്ധാത്മാവ് അപ്പസ്തോലന്മാർക്ക് നല്കിയ ഭാഷാവരവുമായി ഇതിനു ബന്ധമുള്ളതായി തോന്നുന്നില്ല. പ്രായോഗിക ചിന്തയുള്ള ഏതൊരു മനുഷ്യസ്നേഹിക്കും ഇത്തരം പ്രവൃത്തികളെ അവജ്ഞയോടെയേ കാണാൻ കഴിയൂ.

ഭാഷാവരത്തെക്കുറിച്ച് പൗലോസ് കോറിന്തോസുകാർക്ക് എഴുതിയത് ഇപ്രകാരമാണ്. "ഭാഷാവരത്തോടെ സംസാരിക്കുന്നെങ്കിൽ രണ്ടോ മൂന്നോ പേർ മാത്രമേ സംസാരിക്കാവൂ. ഓരോരുത്തരും മാറിമാറി സംസാരിക്കുകയും ഒരാൾ വ്യാഖ്യാനിക്കുകയും വേണം. വ്യാഖ്യാനിക്കാൻ ആളില്ലെങ്കിൽ അവർ സഭയിൽ മൗനം ദീക്ഷിക്കുകയും ഓരോരുത്തരും തങ്ങളോടുതന്നെയും ദൈവത്തോടും സംസാരിക്കുകയും ചെയ്യട്ടെ". (1 കോറി, 14: 27-28). വസ്തുതകൾ ഇങ്ങനെയായിരിക്കേ ഭാഷാവരത്തിന്റെ പേരിൽ കരിസ്മാറ്റിക് ധ്യാനങ്ങളിലെ ചേഷ്ടകൾ ശുദ്ധമൗഢ്യമാണ്. കരിസ്മാറ്റിക് ധ്യാനങ്ങളിലെ മൂർദ്ധന്യഘട്ടത്തിലെ ഇത്തരം ജല്പനങ്ങളെ ഒരുതരത്തിലും ന്യായീകരിക്കാവുന്നതായി തോന്നുന്നില്ല. വിദ്യാസമ്പന്നരായ കേരളജനതയെ ഇത്ര വിഡ്ഢികളാക്കാൻ ശ്രമിക്കുന്നതെന്തിന്?. ധ്യാനങ്ങളിൽ ഇത്തരം വൈകൃതങ്ങളെ ഒഴിവാക്കുന്നതിൽ മതാചാര്യന്മാർക്ക് പ്രഥമ സ്ഥാനമാണ് വഹിക്കാനുള്ളത്. മറ്റൊരു തലത്തിൽ വീക്ഷിച്ചാൽ ഇതെല്ലാം ബലഹീനരായ മനുഷ്യരെ, പ്രത്യേകിച്ച് അക്രൈസ്തവരെ ഇതിലേക്ക് ആകൃഷ്ടരാക്കാനുള്ള എളുപ്പവഴികളായിരിക്കാം. ധ്യാനങ്ങളുടെ നല്ല ലക്ഷ്യങ്ങളെ വിസ്മരിക്കുന്നില്ല ഇവിടെ.

ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു സംഗതി രോഗശാന്തി നല്കുന്നതിനെക്കുറിച്ചാണ്. ശാരീരിക രോഗങ്ങൾക്ക് മൂലഹേതു മാനസിക പിരിമുറുക്കങ്ങളാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ശരിയായ മാനസികോല്ലാസം നല്കുക വഴി മനസിന്റെ പിരിമുറുക്കങ്ങൾക്ക് അയവ് വരുത്താൻ സാധിക്കുന്നതുമാണ്. ഇതെല്ലാം ഒരുപരിധിവരെ ധ്യാനങ്ങളിൽ സംബന്ധിക്കുക വഴി ലഭിക്കുന്നുണ്ട് എന്നുവേണം കരുതാൻ. എന്നാൽ, ഇതിനായി ധ്യാനഗുരുക്കൾ അവലംബിക്കുന്ന വഴികൾ കരണീയമായതല്ലെന്നതാണ് പ്രസക്തമായ കാര്യം. രോഗശാന്തി ശുശ്രൂഷയ്ക്കൊടുവിൽ ഏതാനും കുറേ പേരുകൾ രോഗശാന്തി ലഭിച്ചവരായി വിളിച്ചുപറയുന്നതായി കേൾക്കുന്നുണ്ട്. വ്യക്തമായി ആർക്കെല്ലാം രോഗശാന്തി ലഭിച്ചുവെന്നു പറയുന്നതായി കാണുന്നുമില്ല. ഇതുതന്നെ ആ ഉദ്യമത്തിന്റെ ഏറ്റവും വലിയ പാളിച്ചയായി ഗണിക്കാവുന്നതേയുള്ളൂ. ഇത്തരം ജാലവിദ്യകൾകൊണ്ടു രോഗശാന്തി ലഭിച്ചതായി ധരിക്കാൻതക്ക വിവേകശൂന്യരല്ല വിദ്യാസമ്പന്നരായ കേരളജനത. കരിസ്മാറ്റിക് ധ്യാനങ്ങളിൽ രോഗശാന്തി ലഭിക്കുന്നില്ല എന്നു സമർഥിക്കാനൊന്നും വ്യഗ്രതപ്പെടുന്നില്ല ഇവിടെ. അതിനായി സ്വീകരിക്കുന്ന അപക്വമായ മാർഗങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കാൻ ശ്രമിച്ചത്. പ്രായോഗിക ചിന്തയുള്ള ഏവനും ഇത്തരത്തിലേ ചിന്തിക്കാൻ കഴിയൂ.


## പ്രവർത്തകയെ ആവശ്യമുണ്ട്

നിലമ്പൂർ കുംഭാരകോളനിയിൽ താമസിച്ച് ജോലി ചെയ്യാൻ താൽപര്യമുള്ള നേതൃത്വഗുണമുള്ള പ്രവർത്തകയെ ആവശ്യമുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും കൂടെ പ്രവർത്തിച്ച് അവരിൽ ആത്മവിശ്വാസവും നേതൃത്വ സ്വഭാവവും ഉത്തരവാദിത്വവും ഉണർത്തലാണ് പ്രധാന ജോലി. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 'കുംഭം' അരുവാക്കോട്, നിലമ്പൂർ ഫോൺ:221554